**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1340** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ പൊതു സ്ഥലംമാറ്റം .**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2021 മാർച്ച് മാസം ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ പൊതു സ്ഥലം മാറ്റത്തിന് അപേക്ഷ ക്ഷണിച്ചിരുന്നോ എന്നറിയിക്കാമോ; | (എ) | സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരുടെ 2021-22 വർഷത്തെ പൊതു സ്ഥലം മാറ്റത്തിനായി 12.02.2021 മുതൽ 01.03.2021 വരെ അപേക്ഷ ക്ഷണിച്ചിരുന്നു. |
| (ബി) | പ്രസ്തുത വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് പൊതു സ്ഥലംമാറ്റം അനുവദിച്ചിരുന്നോ എന്നറിയിക്കാമോ; | (ബി) | സ്ഥലംമാറ്റം അനുവദിച്ചിട്ടില്ല. പൊതു സ്ഥലം മാറ്റത്തിനായി 15.02.2022-ന് കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോവിഡ്-19 പശ്ചാത്തലവും ഭരണപരമായ കാരണങ്ങളാലുമാണ് സ്ഥലം മാറ്റ നടപടികൾ നീണ്ടുപോയത്. |
| (സി) | വിജ്ഞാപനം ക്ഷണിച്ച് അപേക്ഷകൾ ലഭിച്ചിട്ടും പൊതു സ്ഥലംമാറ്റ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലായെങ്കിൽ കാരണം അറിയിക്കാമോ; | (സി) | സ്ഥലംമാറ്റം അനുവദിച്ചിട്ടില്ല. പൊതു സ്ഥലം മാറ്റത്തിനായി 15.02.2022-ന് കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോവിഡ്-19 പശ്ചാത്തലവും ഭരണപരമായ കാരണങ്ങളാലുമാണ് സ്ഥലം മാറ്റ നടപടികൾ നീണ്ടുപോയത്. |
| (ഡി) | ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ പൊതു സ്ഥലംമാറ്റം എല്ലാ വർഷവും കൃത്യമായി നടത്തുന്നതിന് നടപടികൾ സ്വീകരിക്കാമോ; | (ഡി) | ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ പൊതു സ്ഥലംമാറ്റം എല്ലാ വർഷവും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | മാതൃ ജില്ലയിലെ സ്ഥലത്തോട് ചേർന്ന് കിടക്കുന്ന സമീപ ജില്ലയിലെ സ്ഥലത്തേക്ക് അന്തർജില്ലാ സ്ഥലംമാറ്റം കരസ്ഥമാക്കി പൊതു സ്ഥലംമാറ്റ വ്യവസ്ഥകൾ ദുരുപയോഗം ചെയ്യുന്ന അനഭിലഷണീയ പ്രവണതകൾ തടയുന്നതിനായി ദൂരപരിധി നിശ്ചയിക്കുന്നത് ഉൾപ്പെടെയുള്ള നിശ്ചിത മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ച് സ്ഥലം മാറ്റ വ്യവസ്ഥകൾ പരിഷ്കരിക്കുമോ? | (ഇ) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ